A

812

# സമഗ്ര ശിക്ഷാ, കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-23

ക്ലാസ് : VIII

## മലയാളം

### അടിസ്ഥാനപാഠാവലി

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം**
**(4 × 1 = 4)**

1. "രണ്ടു പണം കിട്ടുമെന്നു കേട്ടാലവർ
മണ്ടും പതിനെട്ടു കാതമെന്നാകിലും"
- ഈ വരികളിലൂടെ കുഞ്ചൻനമ്പ്യാർ മനുഷ്യന്റെ ഏതു സ്വഭാവത്തെയാണ് വിമർശിക്കുന്നത്?
    - നിസ്വാർഥതയെ
    - അത്യാഗ്രഹത്തെ
    - അസൂയയെ
    - പ്രതികാരത്തെ

2. "എന്നാലൊരു കാര്യം ചെയ്യാം.... നമുക്കൊരുമിച്ച് ഉമ്മാക്കിയെ തോൽപ്പിക്കാം."
-ഈ സന്ദർഭത്തിന് ഏറ്റവും യോജിച്ച പഴഞ്ചൊല്ല് ഏത്?
    - ചൊട്ടയിലെ ശീലം ചുടല വരെ.
    - മടിയൻ മല ചുമക്കും.
    - ഒന്നിച്ചു നിന്നാൽ മലയ്ക്കു സമം.
    - പയ്യെത്തിന്നാൽ പനയും തിന്നാം.

3. "വേനൽമഴ തുടങ്ങുമ്പോൾ ശൂലാപ്പിലെത്തി മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തിയെടുക്കുമ്പോഴേക്കും കർക്കടകത്തിന്റെ **മാരിപ്പെയ്ത്ത്** തുടങ്ങും."
'മാരിപ്പെയ്ത്ത്' എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?
    - മാരിയും പെയ്ത്തും
    - മാരിയുടെ പെയ്ത്ത്
    - മാരിയാകുന്ന പെയ്ത്ത്
    - മാരിയിലെ പെയ്ത്ത്

4. "പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം"
'ദ്രവ്യം' എന്ന പദത്തിന് സമാനമായ പദം ഏത്?

- സൽപ്പേര്
- സൽക്കർമ്മം
- സന്തോഷം
- സമ്പത്ത്

5. **ആകാശമിങ്ങനെ** എന്ന പദം പിരിച്ചെഴുതുന്നതെങ്ങനെ?

- ആകാശം, ഇങ്ങനെ
- ആകാശ, മിങ്ങനെ
- ആകാശം, മിങ്ങനെ
- ആകാശ, ഇങ്ങനെ

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**
**2 സ്കോർ വീതം (2 × 2 = 4)**

6. • "പണ്ടേ... അമ്മ പറഞ്ഞിട്ടില്ലേ....
കാട്ടിൽ പോകല്ലേ,
മരത്തിൽ കയറല്ലേ."
• "പിന്നേ.... അമ്മ പറഞ്ഞു.... ആ കാട്ടിൽ ഉമ്മാക്കിയുണ്ടെന്ന്....."

(തേൻകനി)

മുതിർന്നവർ കുട്ടികളെ ഇത്തരത്തിൽ നിയന്ത്രിക്കേണ്ടതുണ്ടോ? നിങ്ങളുടെ രണ്ടു നിരീക്ഷണങ്ങൾ എഴുതുക.

7. "നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനെ-
പ്പോറ്റുവാനെത്ര ദുഃഖിക്കുന്നു മാനുഷർ!"
ഈ വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ എഴുതുക.

8. "ഇത് തുടക്കമാണ്. ഇന്ന് രാത്രി **മഴ കൊട്ടിയിറങ്ങും.**"

(രണ്ടു മത്സ്യങ്ങൾ)

'മഴ കൊട്ടിയിറങ്ങുക' എന്ന പ്രയോഗം കഥാസന്ദർഭത്തിന് നൽകുന്ന ഭംഗി വ്യക്തമാക്കുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**
**4 സ്കോർ വീതം (5 × 4 = 20)**

9. • "എന്നാലൊരു കാര്യം ചെയ്യാം, സ്വാമി കയറി പറിച്ചുതരട്ടെ."
• "സ്വാമീ.... ഇങ്ങനെ കൊമ്പു താഴ്ത്തണ്ട. അതൊന്നു പിടിച്ചുകുലുക്കിയാൽ മതി. അപ്പോൾ എല്ലാം തറയിൽ! ഞങ്ങൾ പെറുക്കിക്കോളാം."

(തേൻകനി)

ഈ വാക്കുകളിൽ തെളിയുന്ന കുട്ടികളുടെ മനോഭാവത്തോട് യോജിക്കുന്നുണ്ടോ?
നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

10. "പക്ഷേ, മനുഷ്യനെ പേടിച്ചേ പറ്റൂ. മുട്ടയിടാൻ പോവുകയാണോ, മുട്ടയിട്ട് കൊച്ചുകുഞ്ഞുങ്ങളെയും കൊണ്ട് തിരിച്ചുവരുകയാണോ എന്നൊന്നും അവനറിയണ്ട, കുത്തൂടുകളും വലകളും വെട്ടുകത്തിയുമായി അവൻ തക്കംപാർത്ത് നിൽക്കും."

(രണ്ടു മത്സ്യങ്ങൾ)

അഴകന്റെ ഈ വാക്കുകളോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

11. "അർഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരുകാലം
പത്തുകിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും"

(ജ്ഞാനപ്പാന)

"പട്ടു കിട്ടുമ്പൊഴും സന്തോഷമില്ലവ-
നൊട്ടും; പണംകൂടെ മുമ്പേ നിനയ്ക്കയാൽ
വീരവാളിച്ചേല കിട്ടിയെന്നാകിലോ
പോരാ തരിവള കിട്ടുവാനാഗ്രഹം."

(കിട്ടും പണമെങ്കിലിപ്പോൾ)

രണ്ടു കാവ്യഭാഗങ്ങളിലെയും സാമൂഹികവിമർശനം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

12. "ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകുന്ന നീർച്ചാലിലൂടെ തവളയുടെ പിന്നാലെ മീനുകൾ നീന്തിനീന്തി ശൂലാപ്പ്കാവിനു മുന്നിലെത്തി."

(രണ്ടു മത്സ്യങ്ങൾ)

'ഭൂമിയുടെ ചോരപോലെ' എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

13. "വിദ്യകൾ മറ്റുള്ളതെല്ലാം വൃഥാതന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ"

(കിട്ടും പണമെങ്കിലിപ്പോൾ)

പണത്തോടുള്ള ആർത്തികൊണ്ടു മാത്രം ഉന്നതപഠനത്തിന് പോകുന്ന പ്രവണത ഇക്കാലത്തുമുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

14. "കുട്ടികൾക്ക് തേന്മാവ് കാണിച്ചു കൊടുക്കുകയേ ആവൂ. തേൻകനി പറിച്ചു കഴുകി, ചെത്തിപ്പൂളി തിന്നാൻ പാകത്തിന് കൊടുക്കരുത്."

(തേൻകനി)

'അധ്വാനത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നാടകമാണ് 'തേൻകനി.' ഈ പ്രസ്താവനയെ നാടകത്തിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് യുക്തിപൂർവം സമർഥിക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഓരോ പുറത്തിൽ ഉത്തരമെഴുതുക.**

**6 സ്കോർ വീതം $(2 \times 6 = 12)$**

15. "ജ്യോതിഷശാസ്ത്രം പഠിച്ചവർ മിക്കതും
പാതിരാജ്യം കൈക്കലാക്കാൻ തടവില്ല
ജാതകം നോക്കീട്ടവർ പറഞ്ഞീടുന്ന
കൈതവം കേട്ടാൽ കൊടുക്കും പല വസ്തു"

(കിട്ടും പണമെങ്കിലിപ്പോൾ)

ഇത്തരത്തിൽ വഞ്ചിക്കപ്പെടുന്ന ജനസമൂഹത്തെ ഇന്നും കാണാൻ കഴിയുന്നില്ലേ? വരികളിലെ ആശയവും സമകാലികസംഭവങ്ങളും പരിഗണിച്ച് **അന്ധവിശ്വാസവും പുതുതലമുറയും** എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

16. • "എന്റെ കൂട്ടുകാർക്ക് ബോധം തെളിയാതെ ഞാനെങ്ങനെ പോകും..."
• (ശരീരത്തിലും കൈകാലുകളിലുമുള്ള വിയർപ്പും രക്തവും തുടച്ചുകളഞ്ഞ്) "അതേ.... ഈ രക്തം പൊടിഞ്ഞ വേദനപോലും ഞാനറിഞ്ഞില്ല."

(തേൻകനി)

സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് **ഭദ്രൻ** എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. "മനുഷ്യൻ മാത്രം ബാക്കിയാകുന്ന ഒരു സങ്കൽപ്പത്തെയാണോ വികസനം വികസനം എന്നു വിളിക്കുന്നത്?"

(രണ്ടു മത്സ്യങ്ങൾ)

പാഠഭാഗത്തിന്റെ ആശയവും സമകാലിക സംഭവങ്ങളും പരിഗണിച്ച് **'വികസനം പരിസ്ഥിതി സൗഹൃദമാകണം'** എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.